മെൻറ് ഒരു ഒത്തുതീർപ്പിനു വരൂ എന്ന കടുംപിടിയിൽ അവരും അത് സാദ്ധ്യമല്ലായെന്ന് യൂണിയനും നിൽക്കുന്ന പരിതഃസ്ഥിതിയിൽ ഗവൺമെൻറ് ലവലിൽ ഒരു അനുരഞ്ജന ശ്രമത്തിൽ ഇതു തീർക്കാനുള്ള ശ്രമം തുടർന്നു വരുന്നു.

(2) പനമ്പിള്ളി–പുല്ലംകണ്ടം റോഡ്

ശ്രീ.രാഘവൻ പൊഴക്കടവിൽ: സർ, എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട മാടയ്ക്കത്തറ പഞ്ചായത്തിൽ ബഹുമാനപ്പെട്ട പനമ്പിള്ളി ഗോവിന്ദമേനോൻ മുഖ്യമന്ത്രി ആയിരുന്നകാലത്ത് പനമ്പിള്ളി–പുല്ലംകണ്ടം എന്നപേരിൽ ഒരു റോഡ് പ്രവർത്തനമാരംഭിക്കാൻ നിർദ്ദേശം നൽകുകയും അദ്ദേഹം അതിൻെറ ഉൽഘാടനം നടത്തുകയും ചെയ്തു. ആ പനമ്പിള്ളി–പുല്ലംകണ്ടം റോഡിൽ, നടുത്തോടിൽ ഒരു പാലം പണിയുന്നതിനും അപ്രോച്ച് റോഡ് പണിയുന്നതിനും വേണ്ടി ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നതാണ്. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റിൽ ആ റോഡിൻെറ പേരുപോലും കാണുന്നില്ല. ചാലക്കുടിക്കടുത്ത് പനമ്പിള്ളി ഗോവിന്ദമേനോൻ എന്ന പേരിൽ ഒരു റോഡ് പണിതീർത്തതായി അറിയുന്നു. ഒരുപക്ഷേ പനമ്പിള്ളി–പുല്ലംകണ്ടം റോഡിനു പകരം ബഡ്ജറ്റിൽ നിർദ്ദേശം തെറ്റിദ്ധരിച്ച് പനമ്പിള്ളി ഗോവിന്ദമേനോൻ റോഡെന്നു കരുതി ചാലക്കുടിയിൽ റോഡു പണിയുകയും എൻെറ മണ്ഡലത്തിലെ പനമ്പിള്ളി–പുല്ലംകണ്ടം റോഡ് നീക്കം ചെയ്തിരിക്കുകയുമാണെന്നാണ് കരുതുന്നത്. അതു ശരിയാണെങ്കിൽ പനമ്പിള്ളി–പുല്ലംകണ്ടം റോഡിൻെറ സ്ഥിതിയെപ്പറ്റി അന്വേഷിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. മലയോര പ്രദേശങ്ങളായ കുന്നുകാട്, ചെട്ടിക്കാട്, കട്ടിളപുരം, പൂവംകണ്ടം എന്നീ പ്രദേശങ്ങളിലുള്ള ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ട് ബഡ്ജറ്റിൽ നിന്നു നീക്കം ചെയ്ത പനമ്പിള്ളി–പുല്ലംകണ്ടം റോഡ് ബഡ്ജറ്റിൽ ഉൾപ്പെടുത്തി വേണ്ട പണികൾ നടത്താനുള്ള നിർദ്ദേശം നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ.കെ.അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അദ്ദേഹത്തിൻെറ മണ്ഡലത്തിലെ പനമ്പള്ളി–പുല്ലംകണ്ടം റോഡ് വേറെ റോഡായി മാറിയതിനെപ്പറ്റി ഗവൺമെൻറിന് അറിയില്ല. ഇപ്പറഞ്ഞ റോഡ് ഏതായാലും ഇന്ന് പഞ്ചായത്ത് റോഡാണ്. അത് ഗവൺമെൻറ് ഏറെടുത്തിട്ടില്ല. ഇക്കൊല്ലത്തെ ബഡ്ജറ്റിലും ഇല്ല, കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിലും ഇല്ല. അതുകൊണ്ട് ആദ്യമായി ആ റോഡ് ഗവൺമെൻറ് ഏറെടുക്കണമെന്നുള്ള നിർദ്ദേശമാണ് ഉന്നയിക്കേണ്ടത്. അങ്ങനെ ഗവൺമെൻറ് ഏറെടുത്തതിനുശേഷം പാലത്തിൻെറയും മറ്റും കാര്യങ്ങളെക്കുറിച്ച് ആലോചിക്കാമെന്നു മാത്രമേ പറയാനുള്ളൂ.

(3) ''എംപ്ലോയ്മെൻറ് ന്യൂസിൻെറ'' കോപ്പികൾ

ശ്രീ.കാനം രാജേന്ദ്രൻ: സർ, കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രാലയത്തിൻെറ പ്രസിദ്ധീകരണമായ 'എംപ്ലോയ്മെൻറ് ന്യൂസ്' കേരളത്തിൽ മുടങ്ങാതെ ലഭിക്കുന്നില്ല. എയർ സർച്ചാർജ്ജടക്കം ഒരു രൂപ ഇരുപതു പൈസ വിലയ്ക്ക് ലഭിക്കുന്ന ഈ പ്രസിദ്ധീകരണം

LIBRARY ARCHIVES Kerala Legislative Assembly

വളരെ താമസിച്ച് ഇവിടെ എത്തുന്നതുമൂലം അപേക്ഷകർക്ക് അപേക്ഷ അയയ്ക്കാൻ കഴിയുന്നില്ല. കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളിലേയും യു.പി.എസ്.സി.യിലേയും ഒഴിവുകൾ കൃത്യമായി അറിയുന്നതിന് കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാരെ സഹായിക്കുന്ന ഒരു പ്രസിദ്ധീകരണമാണിത്. ഇതു മുടങ്ങാതെ ലഭിക്കുന്നതിന് കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രാലയവുമായി ബന്ധപ്പെട്ട് വേണ്ട സംവിധാനമുണ്ടാക്കാനും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ ഇതിന്റെ ഓരോ കോപ്പി വീതമെടുത്ത് പ്രകാശനം ചെയ്യാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇപ്പോൾ എംപ്ലോയ്മെൻറ് ന്യൂസ് കൃത്യമായിട്ട് വരുന്നതായിട്ടാണ് അന്വേഷണത്തിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചത്. ഇവിടെ സഹകാര്യ എജൻസികളാണ് ഇതിന്റെ ഡിസ്ട്രിബ്യൂഷൻ നടത്തുന്നത്. എയർ ലിഫ്റ്റ് ചെയ്തിട്ടാണിത് ഇവിടെ കൊണ്ടുവരുന്നത്. ഈ മാസത്തേതും വന്നുകഴിഞ്ഞിട്ടുണ്ട്. ജൂലായ് 5-ാം തീയതിയിലത്തേത് ഡിസ്ട്രിബ്യൂട്ട് ചെയ്തു കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ ഇത് പ്രകാശനം ചെയ്യുന്ന കാര്യം ലേബർ ഡിപ്പാർട്ടുമെൻറ് പരിശോധിച്ച് അതിന് വേണ്ടുന്ന നടപടി സ്വീകരിക്കുന്നതാണ്. അതുപോലെതന്നെ കൂടുതൽ കോപ്പി കൃത്യസമയത്തു വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്രഗവൺമെൻറിനോട് ആവശ്യപ്പെടുകയും ചെയ്യാം.

(4) ഉദയത്തുവാതിൽ ഗവൺമെൻറ് എൽ. പി. സ്കൂൾ

ശ്രീ.ടി.പി.പീതാംബരൻ മാസ്റ്റർ: സർ, ചേപ്പനം, ഉദയത്തുവാതിൽ എന്നീ ഹരിജൻ മേഖലയിലെ ഏക സ്കൂളാണ് ഉദയത്തുവാതിൽ ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂൾ. ഒരേക്കറിലധികം സ്ഥലവും ആവശ്യത്തിലധികം കെട്ടിടവുമുള്ള പ്രസ്തുത സ്കൂളിലാകെ നാലു ക്ലാസ്സുകൾ മാത്രമാണുള്ളത്. ഈ വർഷം പത്തു കുട്ടികൾ മാത്രമാണ് ഒന്നാം സ്റ്റാൻഡേർഡിൽ എത്തിയിട്ടുള്ളത്. 63 വർഷങ്ങൾക്കു മുമ്പാരംഭിച്ച പ്രസ്തുത സ്കൂളിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് രണ്ടു കാരണങ്ങളാണുള്ളത്: ഒന്ന്, ആ സ്കൂളിലേക്കു പോകാൻ ഒരു പൊതു വഴിയില്ല. രണ്ട്, അവിടെനിന്ന് നാലാം സ്റ്റാൻഡേർഡ് പാസായി വരുന്ന കുട്ടികൾക്ക് അഞ്ചാം സ്റ്റാൻഡേർഡിലേക്ക് പ്രവേശനം ലഭിക്കുന്നില്ല. സ്കൂളിലേക്ക് ഒരു വഴിയുണ്ടാക്കണമെന്ന് രക്ഷാകർത്താക്കളും നാട്ടുകാരും നിവേദനം നടത്തിയതിന്റെ ഫലമായി G. O. (Rt.) No. 2374/83 G. Edn. dated 30.7.1983 പ്രകാരം പത്തു ലിങ്ക്സ് വീതിയിൽ റോഡിൽനിന്നും സ്കൂളിലേക്ക് ഒരു വഴി ഉണ്ടാക്കുന്നതിന് 12,000 രൂപ മുടക്കി എട്ടു സെൻറു സ്ഥലം അക്വയർ ചെയ്യാൻ ഗവൺമെൻറ് ഉത്തരവാകുകയും 1983-84 ലെ ബഡ്ജറ്റിൽ ആ തുക വക കൊള്ളിക്കുകയും ചെയ്തിരുന്നതാണ്. അക്വിസിഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തു. പക്ഷേ അക്വിസിഷൻ ചാർജ് അടയ്ക്കാൻ 1985 ഒക്ടോബറിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് ആവശ്യപ്പെട്ടെങ്കിലും ഇതുവരെ പണം അടയ്ക്കാത്തതുകൊണ്ട് അക്വിസിഷൻ നടപടികൾ സ്തംഭനത്തിലാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly